**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2085 — 17.12.2012 - ൽ മറുപടിയ്ക്ക്

## പൊന്നാനി സർക്കിൾ ഓഫീസ് പരിധിയിലെ മണൽ കടത്തു കേസുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പൊന്നാനി സർക്കിൾ ഓഫീസിന്റെ പരിധിയിൽ 2011-12 സാമ്പത്തിക വർഷത്തിലും, 2012-13 സാമ്പത്തിക വർഷത്തിലും നാളിതുവരെയും എത്ര അനധികൃത മണൽ കടത്തു കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവ സ്റ്റേഷൻ തിരിച്ച് ലഭ്യമാക്കാമോ; | (എ) പൊന്നാനി സർക്കിൾ ഓഫീസിന്റെ പരിധിയിൽ 2011-12 വർഷത്തിൽ മണൽ കടത്ത് സംബന്ധിച്ച് 78 റിപ്പോർട്ടുകളും 2012-13 വർഷത്തിൽ 102 റിപ്പോർട്ടുകളും താഴെ പറയും പ്രകാരം ആർ.ഡി.ഒ. യ്ക്ക് നൽകിയിട്ടുണ്ട്.<br><br>2011-12 സാമ്പത്തിക വർഷം പൊന്നാനി - 18, ചങ്ങരംകുളം - 5, പെരുമ്പടപ്പ് - 55 (എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ല. റിപ്പോർട്ടുകൾ ആർ.ഡി.ഒ. യ്ക്ക് നൽകിയിട്ടുണ്ട്).<br><br>2011-13 സാമ്പത്തിക വർഷം പൊന്നാനി - 73, ചങ്ങരംകുളം - 10, പെരുമ്പടപ്പ് - 19 (എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടില്ല. റിപ്പോർട്ടുകൾ ആർ.ഡി.ഒ. യ്ക്ക് നൽകിയിട്ടുണ്ട്).<br><br>കൂടാതെ 2012-13 വർഷത്തിൽ മണൽ കടത്ത് സംബന്ധിച്ച് പൊന്നാനി പോലീസ് സ്റ്റേഷനിൽ 20 ക്രൈം കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഇവയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) രജിസ്റ്റർ ചെയ്യപ്പെട്ട ക്രൈം കേസുകളിൽ നിലവിലുള്ള നിയമ വ്യവസ്ഥ പ്രകാരം കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ആർ.ഡി.ഒ. യ്ക്ക് റിപ്പോർട്ട് സമർപ്പിച്ചവയിൽ കുറ്റക്കാർക്കെതിരെ നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഉപ്പുമണൽ കഴുകി വിൽക്കുന്ന കേന്ദ്രങ്ങൾക്കെതിരെ നടപടി എടുത്തിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഇത്തരം കേന്ദ്രങ്ങൾക്കെതിരെ ജനങ്ങൾ പരാതികൊടുത്താൽ പൊന്നാനി പോലീസ് വേണ്ടത്ര നടപടി സ്വീകരിക്കുന്നില്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ? | (ഇ) | ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ